K-DISC
Kerala Development and Innovation Strategic Council

# കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ

ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്,
ഗവൺമെന്റ് വിമൻസ് കോളേജ് റോഡ്,
വഴുതയ്ക്കാട്, തൈക്കാട് പി.ഒ.
തിരുവനന്തപുരം 695014
ഫോൺ: 0471 – 4117000, 4117002, 4117004

നമ്പർ : 303/2023/കെ-ഡിസ്ക് തീയതി: 15/11/2023

## സർക്കുലർ

വിഷയം: കെ-ഡിസ്കിലെ ഔദ്യോഗിക ഭാഷ സമിതിയുടെ 18.10.2023 ലെ യോഗ തീരുമാനങ്ങൾ - സംബന്ധിച്ച്

സൂചന: 20.07.2023 ലെ 303/2022/കെ-ഡിസ്ക് നമ്പര് നടപടിക്രമം

കെ-ഡിസ്കിൽ മലയാളം പൂർണ്ണമായും ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി കെ-ഡിസ്കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ്മെന്റ് സർവീസസ്) അധ്യക്ഷയായി 5 അംഗ സമിതി സൂചന പ്രകാരം രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ 18.10.2023ൽ ചേർന്ന യോഗം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാരും സഹകരിക്കേണ്ടതാണ്.

- കെ-ഡിസ്കിൽ ഡി.ഡി.എഫ്.എസ്സിലൂടെ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരമാവധി മലയാളത്തിൽ കൈകാര്യം ചെയ്യേണ്ടതാണ്.
- കെ-ഡിസ്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന സർക്കുലറുകൾ, നിർദേശങ്ങൾ, മറ്റ് അറിയിപ്പുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുവാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.
- ഒരു ഫയൽ മുഴുവനായും മലയാളത്തിൽ കൈകാര്യം ചെയ്യാൻ സാധിച്ചില്ലെങ്കിൽ ആ ഫയലിന്റെ കുറിപ്പ് ഫയൽ ഉൾപ്പെടെയുള്ളവയെങ്കിലും മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
- ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഒരു ഇംഗ്ലീഷ് പദത്തിന്റെ പദാനുപദമായ മലയാളം പദം ഉപയോഗിക്കുന്നതിന് കഴിയാത്ത പക്ഷം സ്ഥിരമായി ഉപയോഗിക്കുന്ന ആംഗലേയ പദം മലയാളത്തിൽ എഴുതാവുന്നതുമാണ്. മാത്രവുമല്ല, ആംഗലേയ പദത്തിൻറെ മലയാള പദം സംബന്ധിച്ച എന്തെങ്കിലും സംശയം തോന്നിയാൽ കേരള സർക്കാർ ഔദ്യോഗിക ഭാഷ വകുപ്പിന്റെ 'glossary.kerala.gov.in' എന്ന വെബ്സൈറ്റ് വഴി സംശയനിവാരണം നടത്താവുന്നതാണ്.
- ഈ ഓഫീസിൽ കൈകാര്യം ചെയ്യുന്ന മലയാളം ഫയലുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനായി കെ-ഡിസ്കിലെ അതത് വിഭാഗങ്ങൾ ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും, അദ്ദേഹത്തിന്റെ പേര്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

സജിത പി.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ്മെൻറ് സർവ്വീസസ്)